## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

13.07.12ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 677

## ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു.റ്റി.തോമസ്<br>ശ്രീ. സി.കെ.നാണു | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളായി സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമായിട്ടുണ്ടോ; കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. മാനദണ്ഡങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) കേന്ദ്രസഹായം ലഭ്യമായിട്ടുള്ള ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ? | (ബി) കേന്ദ്ര സഹായം ലഭ്യമായിട്ടുള്ള ടൂറിസം ഡെസ്റ്റിനേഷനുകൾ താഴെ പറയുന്നു. തിരുവനന്തപുരം സിറ്റി, കോവളം, പൊന്മുടി, വർക്കല, കൊല്ലം, കുമരകം,തേക്കടി,മൂന്നാർ, ആലപ്പുഴ, കൊച്ചി സിറ്റി,കാലടി, ഗുരുവായൂർ, കോഴിക്കോട് സിറ്റി, കാപ്പാട്, ബേക്കൽ,പറമ്പിക്കുളം, നെല്ലിയാമ്പതി, മലമ്പുഴ, വയനാട് കടലുണ്ടി നഗരം, നിലമ്പൂർ, തെന്മല - പാലരുവി, മുഴുപ്പിലങ്ങാട് - കണ്ണൂർ, വാഗമൺ, അതിരപ്പള്ളി,എരുമേലി,പരവൂർ,കുട്ടനാട് - ആലപ്പുഴ,ചെറായി ബീച്ച് - എറണാകുളം, ചാലക്കുടി അതിരപ്പള്ളി സെക്ടർ - തൃശ്ശൂർ,പെരുവണ്ണാമൂഴി - കോഴിക്കോട്, കക്കയം - കോഴിക്കോട് , മീൻകുന്ന് / പയ്യാമ്പലം - കണ്ണൂർ, ഇരിങ്ങൽ / കോട്ടയ്ക്കൽ - കോഴിക്കോട്, പറശ്ശിനി കടവ് - കണ്ണൂർ, ആറൻമുള - പത്തനംതിട്ട, ഫോർട്ട് കൊച്ചി - എറണാകുളം |

സെക്ഷൻ ഓഫീസർ

*677

# അനുബന്ധം

**കേന്ദ്രസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം**

1. ഡെസ്റ്റിനേഷൻ (ടൂറിസ്റ്റ് കേന്ദ്രം), സർക്യൂട്ട് (സഞ്ചാര പഥം) എന്നിവയുടെ വികസനത്തിനാണ് ഇന്ത്യാ ടൂറിസം വകുപ്പ് സംസ്ഥാനങ്ങൾക്ക് കേന്ദ്രസഹായം അനുവദിക്കുന്നത്.
2. ഡെസ്റ്റിനേഷൻ (ടൂറിസ്റ്റ് കേന്ദ്രം) - ടൂറിസ്റ്റുകൾക്ക് താൽപ്പര്യം ജനിക്കുന്ന സ്ഥലങ്ങൾക്കാണ് ഡെസ്റ്റിനേഷൻ (ടൂറിസ്റ്റ് കേന്ദ്രം) എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.
3. സർക്യൂട്ട് (സഞ്ചാര പഥം) - ഒരേ സിറ്റിയിലോ, ടൗണിലോ, വില്ലേജിലോ അല്ലാത്തതും കുറഞ്ഞ പക്ഷം പ്രമുഖമായ മൂന്ന് ടൂറിസ്റ്റ് കേന്ദ്രങ്ങളെയെങ്കിലും കോർത്തിണക്കി ഉണ്ടാക്കുന്ന സഞ്ചാര പഥത്തിനെയാണ് ടൂറിസ്റ്റ് സർക്യൂട്ട് എന്ന പദത്തിൽ നിന്ന് അർത്ഥമാക്കുന്നത്.
4. **കേന്ദ്രസാമ്പത്തിക സഹായം ലഭിക്കുന്നത് താഴെ പറയുന്ന ടൂറിസം ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ്.**

| | |
|---|---|
| a. പ്രമുഖ ടൂറിസ്റ്റ് കേന്ദ്രം (മെഗാ ഡെസ്റ്റിനേഷൻ) | - 25 കോടി |
| b. പ്രമുഖ ടൂറിസ്റ്റ് സർക്യൂട്ട് (മെഗാ ടൂറിസ്റ്റ് സർക്യൂട്ട്) | - 50 കോടി |
| c. സാദാ ടൂറിസ്റ്റ് കേന്ദ്രം | - 5 കോടി |
| d. സാദാ ടൂറിസ്റ്റ് സർക്യൂട്ട് | - 5 കോടി |

5. **കേന്ദ്രസാമ്പത്തിക സഹായം ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ ഉറപ്പു വരുത്തേണ്ട വ്യവസ്ഥകൾ**

a. വികസനത്തിനു വേണ്ട ഭൂമി ലഭ്യമാക്കുക.

b. വികസനത്തിനു വേണ്ടി കണ്ടെത്തുന്ന സ്ഥലത്തു നിന്നും ഒഴിപ്പിക്കപ്പെടുന്ന വാണിജ്യ സ്ഥാപനങ്ങളുടെ പുനരധിവാസം ഉറപ്പാക്കുക.

c. കേന്ദ്രസാമ്പത്തിക സഹായം ഉപയോഗിച്ച് നിർമ്മിക്കുന്ന ടൂറിസം സ്ഥാപനത്തിന്റെ ഭരണം, നടത്തിപ്പ്, അറ്റകുറ്റ പണി എന്നിവ ചെയ്യുമെന്ന് ഉറപ്പാക്കുക.

*677

6. **കേന്ദ്ര സാമ്പത്തിക സഹായം ഉപയോഗിച്ച് പ്രാവർത്തികമാക്കാൻ കഴിയുന്ന പ്രധാന ടൂറിസം വികസന പദ്ധതികൾ**

a.ടൂറിസം കേന്ദ്രത്തിന്റെയും പരിസരങ്ങളുടെയും മോടിപിടിപ്പിക്കലും, മെച്ചപ്പെടുത്തലും

b.ഖരദ്രവ്യ മാലിന്യ സംസ്കരണത്തിനുവേണ്ടി പൊതു മാലിന്യ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ സൃഷ്ടിക്കൽ

c. പൊതുജന സൗകര്യങ്ങളായ ടോയലറ്റ്, വ്യക്തിശുചിത്വ സൗകര്യങ്ങൾ എന്നിവയ്ക്ക്

d. പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ റോഡ് നിർമ്മാണം

e. വഴിയോര ടൂറിസ്റ്റ് സൗകര്യങ്ങൾ

f. വാട്ടർ സ്പോർട്ട്സ്, അഡ്വഞ്ചർ സ്പോർട്ട്സ്, ഇക്കോ ടൂറിസം എന്നിവയുടെ അഭിവൃദ്ധിക്കുവേണ്ട ഉപകരണങ്ങൾ സമാഹരിക്കുന്നതിന്.

g. പൗരാണിക /ചരിത്ര /പൈതൃകങ്ങളെയും സ്മാരകങ്ങളെയും പുതുക്കി നിലനിർത്തുന്നതിന്.

h. ടൂറിസ്റ്റ് കേന്ദ്രങ്ങളെ കുറിച്ച് വിവരം നൽകുന്ന സൈൻബോർഡുകൾ, ടൂറിസ്റ്റ് മാപ്പ് പ്രദർശിപ്പിക്കുന്ന ബോർഡുകൾ എന്നിവയുടെ നിർമ്മാണത്തിന്.

i. ടൂറിസ്റ്റ് റിസപ്ഷൻ സെന്ററും, അനുബന്ധ സൗകര്യങ്ങളും

j. ടൂറിസവുമായി ബന്ധപ്പെടുത്താവുന്ന മുനിസിപ്പാലിറ്റി സേവനങ്ങൾക്കുവേണ്ടി.

7. **കേന്ദ്രസാമ്പത്തിക സഹായം അനുവദിക്കുന്ന ഗഡുക്കൾ**

ആദ്യ ഗഡുവായ 80% പദ്ധതി അംഗീകരിച്ചു കഴിയുന്ന മുറയ്ക്കും രണ്ടാം ഗഡു 20% പണി പൂർത്തിയാക്കി ധന വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കും ലഭ്യമാക്കുന്നു.

(signature)

സെക്ഷൻ ഓഫീസർ